"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. ബെനഡിക്ട് ആന്റണി റ്റി.എസ്.-ന് എതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.393/2026/LSGD തീയതി,തിരുവനന്തപുരം, 16-02-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 22/12/2017 ലെ CPSP-1-41189/17/VACB നമ്പർ കത്ത്.
2. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 31/12/2020 തീയതിയിലെ ഡിഡിപി-ടിഎസ്ആർ/474/2018-എ3 നമ്പർ കത്ത്.
3. സർക്കാരിന്റെ 30/11/2021 ലെ ഇപിബി3/172/2018/തസ്വഭവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. സ.ഉ.(സാധാ)നം.3009/2022/LSGD,തീയതി 05/12/2022.
5. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25/04/2023 ലെ ഡിഡിപി-ടിഎസ്ആർ/474/2018-എ3 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
6. സർക്കാരിന്റെ 18/11/2023 ലെ ഇപിബി3/172/2018/തസ്വഭവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
7. ശ്രീ. ബെനഡിക്ട് ആന്റണിയുടെ 29.05.2024 തീയതിയിലെ മറുപടി.
8. 28.03.2025-ലെ ഇപിബി3/172/2018/തസ്വഭവ. നമ്പർ സർക്കാർ കത്ത്.
9. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12/02/2025 തീയതിയിലെ LSGD/PD/23240/2023-VIGC3 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിലെ CRZ മേഖലയിൽ കോസ്റ്റൽസോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി കൂടാതെ അനധികൃതമായി നിർമ്മിച്ച വികാസ് ട്രസ്റ്റ് അപ്പാരൽ പാർക്കിന് അനധികൃതമായി കെട്ടിട നമ്പർ അനുവദിച്ചു നൽകി എന്ന പരാതിയിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച

റിപ്പോർട്ടിൽ, കേന്ദ്ര സർക്കാരിന്റെയും, സംസ്ഥാന സർക്കാരിന്റെയും ഫണ്ട് ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് പണിപൂർത്തീകരിച്ച ടി കെട്ടിടത്തിന്, രേഖകൾ ഇല്ലാതെയാണ് നമ്പർ അനുവദിച്ചിട്ടുള്ളതെന്നും കെട്ടിടത്തിന്റെ 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ നികുതിയും ആയതിന്റെ കുടിശ്ശികയും ലഭിച്ചിട്ടില്ലായെന്നും റിപ്പോർട്ട് ചെയ്യുകയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന വിശദ അന്വേഷണത്തിന് ശുപാർശ ചെയ്യുകയുമുണ്ടായി.

2) മേൽ വിഷയത്തിൽ പരാമർശം (2) പ്രകാരം തൃശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. തളിക്കുളം ഗ്രാമ പഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ശ്രീ. ടി.എസ്. ബെനഡിക്ക് ആന്റണി സെക്രട്ടറി എന്ന നിലയിൽ ഗുരുതരമായി ക്രമക്കേട് നടത്തിയതായും, 25/02/2017-തീയതിയിൽ മേൽ പരാമർശ കെട്ടിടത്തിന് വസ്തു നികുതി കുടിശ്ശിക അടക്കുവാൻ ആവശ്യപ്പെട്ടതും 30/03/2017-ൽ ടി അനധികൃത നിർമ്മാണത്തിന് സഞ്ചയ സോഫ്റ്റ് വെയറിൽ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ 4 ഭാഗങ്ങളായി വിഭജിച്ച് പുതുതായി 3 കെട്ടിട നമ്പറുകൾ കൂടി അനുവദിക്കുകയും നികുതി ഇളവ് നൽകുകയും ചെയതിട്ടുള്ളത് ടിയാളുടെ സേവനകാലയളവിലാണെന്നും, ടിയാൻ 30/04/2017-ൽ സേവനത്തിൽ നിന്നും വിരമിച്ചു എന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3) മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. ടി.എസ്. ബെനഡിക്ക് ആന്റണിയുടെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ച്ച ബോധ്യപ്പെട്ടതിനാലും ടിയാൻ 30/04/2017-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാലും ടിയാനെതിരെ KSR പാർട്ട് III റൂൾ 3(b) പ്രകാരം പ്രതിമാസ പെൻഷനിൽ നിന്നും 800/-രൂപാ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യാൻ താൽക്കാലിക തീരുമാനം കൈക്കൊണ്ട് പരാമർശം (3) കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

4) കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ മറുപടി നൽകാത്തതിനെ തുടർന്ന് ടി വിഷയത്തിന്മേൽ ഔപചാരിക അന്വേഷണം നടത്തുന്നതിന് പരാമർശം (4) പ്രകാരം തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നതിൻ പ്രകാരം സമർപ്പിച്ച പരാമർശം (5) ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

*തളിക്കുളം ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിൽ വികാസ് ട്രസ്റ്റ് അപ്പാരൽ പാർക്ക് എന്ന പേരിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിയ്ക്കായി ട്രസ്റ്റ് ഡയറക്ടർ 23/06/2010-ന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി സ്ഥലം CRZ പരിധിയിൽ ഉൾപ്പെടുന്നതിനാൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി ലഭ്യമാക്കിയശേഷം മാത്രമേ കെട്ടിടനിർമ്മാണ അനുമതി നൽകാവൂ എന്ന വ്യവസ്ഥയിൽ ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയത്തിൽ നിന്നും ലേ ഔട്ട് അംഗീകാരം ലഭ്യമാക്കിയെങ്കിലും തീരദേശ മാനേജ്മെന്റ് അനുമതി*

നൽകുകയുണ്ടായില്ല.

പഞ്ചായത്തിന്റെ അനുമതി ലഭിക്കാതെ തന്നെ വികാസ് ട്രസ്റ്റ് കെട്ടിടനിർമ്മാണം ആരംഭിക്കുകയും, പൂർത്തീകരിക്കുകയും, കെട്ടിടം ക്രമവല്ക്കരിക്കുന്നതിനും കെട്ടിടനമ്പർ ലഭിക്കുന്നതിനുമായി 18/05/2012-ന് പഞ്ചായത്തിൽ അപേക്ഷ നല്കുകയും ചെയ്തു. തീരദേശ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതിക്ക് അനുസൃതമായി കെട്ടിടം സ്വന്തം ചെലവിൽ പൊളിച്ചുനീക്കാമെന്ന് വികാസ് ട്രസ്റ്റ് ഡയറക്ടർ നലകിയ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ശ്രീ. പി. ബി. സുഭാഷ് 4284.36 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ഒരു താല്ക്കാലിക നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടത്തെ സംബന്ധിച്ച വിവരം അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനു പകരം അസസ്സ്മെന്റ് രജിസ്റ്ററിലാണ് രേഖപ്പെടുത്തിയത്. സഞ്ചയ സോഫ്റ്റ് വെയർ നിലവിൽ വന്നപ്പോൾ അസസ്സ്മെന്റ് രജിസ്റ്ററിലുള്ള കെട്ടിടവിവരങ്ങൾ അതിൽ എൻട്രി വരുത്തുന്നതിന്റെ ഭാഗമായി സെക്ഷൻ ക്ലർക്കായ ശ്രീ. കെ.രാമചന്ദ്രൻ-ന്റെ അറിവോ സമ്മതമോ കൂടാതെ ടിയാന്റെ ലോഗിൻ & പാസ് വേഡ് ഉപയോഗിച്ച് മറ്റൊരു ക്ലർക്ക് ആണ് സഞ്ചയ സോഫ്റ്റ് വെയറിൽ X/194 A, നമ്പർ കെട്ടിടത്തെ 4 ഭാഗങ്ങളാക്കി മാറ്റിയതും, വെരിഫിക്കേഷൻ നടത്തിയതുമെന്ന് സെക്ഷൻ ക്ലർക്ക് ശ്രീ. രാമചന്ദ്രൻ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. അനധികൃതമായി മറ്റൊരു ക്ലർക്ക് എങ്ങനെ മേൽപ്രവൃത്തികൾ ചെയ്തുവെന്നും അതിന് ആര് നിർദേശവും മേൽനോട്ടവും നടത്തിയെന്നും ക്രമക്കേട് സംബന്ധിച്ച് രേഖാമൂലം നോട്ട് ഫയലിൽ കുറിപ്പെഴുതി സമർപ്പിച്ചിട്ടും അന്നത്തെ ജൂനിയർ സൂപ്രണ്ട് ശ്രീ എ. ആർ. ഉന്മേഷ്, സെക്രട്ടറി ശ്രീ. ബെനഡിക്സ് ആൻ്റണി എന്നിവർ അന്വേഷണം നടത്തിയിതായി കാണുന്നില്ല.

വസ്തുനികുതി പുനഃനിർണ്ണയിച്ചതിൽ ഇളവ് ലഭിക്കുന്നതിനായി 21/03/2017-ന് കെട്ടിട ഉടമ സമർപ്പിച്ച അപേക്ഷയിൽ, തീരദേശ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി കൂടാതെ CRZ മേഖലയിൽ നിർമ്മിച്ച ടി കെട്ടിടം അനധികൃത കെട്ടിടമായി കണക്കാക്കി പൊളിച്ചുമാറ്റുന്നതിന് ഉത്തരവ് നല്കിയിട്ടുള്ളതാണെന്നും, അനധികൃത നിർമ്മാണം പൊളിച്ചു കളയുന്നതുവരെ വസ്തുനികുതി ഈടാക്കേണ്ടതാണെന്ന് കെ.പി.ബി.ആർ. ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണെന്നും ഇക്കാരണങ്ങളാൽ വസ്തുനികുതിയിൽ ഇളവ് അനുവദിക്കണമെന്ന അപേക്ഷ അംഗീകരിക്കാനാവില്ലെന്ന് സെക്ഷൻ ക്ലർക്ക് ശ്രീ. കെ. രാമചന്ദ്രൻ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. കെട്ടിടത്തിന് നിലവിൽ 4 നമ്പർ ഉണ്ടെന്നും, വികാസ് ട്രസ്റ്റ് ഈ കെട്ടിടത്തിൽ നടത്തി വരുന്ന വിവിധങ്ങളായ ചാരിറ്റി പ്രവർത്തനങ്ങളും, 80 സെന്റ് സ്ഥലം ശ്മശാനത്തിന് വേണ്ടി പഞ്ചായത്തിന് വിട്ടു നല്കിയിട്ടുള്ള കാര്യവും പരിഗണിച്ച് ഉപയോഗ ക്രമത്തിന് അനുസൃതമായി 4 ഭാഗങ്ങളായി തിരിച്ച് നികുതി നിശ്ചയിക്കാവുന്നതാണെന്ന് ജൂനിയർ സൂപ്രണ്ട് ശ്രീ. എ. ആർ. ഉന്മേഷ് നോട്ട് ഫയലിൽ രേഖപ്പെടുത്തുകയും, 24/03/2017-ന് സെക്രട്ടറി ശ്രീ. ബെനഡിക്ട് ആന്റണി ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ നല്കിയിട്ടുള്ള നമ്പർ 4

*ഭാഗങ്ങളായി തിരിച്ച് കെട്ടിടനമ്പർ നല്കാവുന്നതാണെന്ന് ഉത്തരവിടുകയും ചെയ്തു. 30/03/2017-ന് സഞ്ചയ സോഫ്റ്റ് വെയറിൽ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ 4 ഭാഗങ്ങളാക്കി തിരിച്ച് കെട്ടിടനമ്പർ നല്കുകയും നികുതി പുനർനിർണ്ണയിച്ച പ്രകാരം 137566/ രൂപ നിശ്ചയിച്ച് തൻവർഷത്തെ നികുതി അടവാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം അനധികൃത കെട്ടിടത്തിന് നമ്പർ നൽകിയിരിക്കുന്നത് ചട്ടം 20(2) പ്രകാരമുള്ള രീതിയിലല്ല.*

5) ഔപചാരിക അന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ തളിക്കുളം ഗ്രാമഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.ടി.എസ്.ബെനഡിക്റ്റ് ആൻ്റണിയുടെ ഭാഗത്ത് ഗുരുതരമായ വീഴ്ച സംഭവിച്ചതായി ബോധ്യപ്പെടുന്നതിനാലും, വസ്തുനികുതി പുനഃനിർണ്ണയിച്ച സംഭവം 2017-ൽ ആയതിനാൽ ആയത് നടന്ന് 4 വർഷം പിന്നിട്ട സാഹചര്യത്തിലും ടിയാനെതിരെ കെ. എസ്. ആർ. ഭാഗം III ചട്ടം 3(b) പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസ് റദ്ദ് ചെയ്ത് കെ. എസ്. ആർ. ഭാഗം III ചട്ടം 59(b) പ്രകാരം പ്രതിമാസപെൻഷനിൽ നിന്നും 500/- രൂപ വീതം ആജീവനാന്തം കുറവു വരുത്താൻ സർക്കാർ താൽക്കാലികമായി തിരുമാനിച്ച് പരാമർശം (6) പ്രകാരം പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

6) പ്രസ്തുത കാരണം കാണിക്കൽ നോട്ടീസന് ശ്രീ. ബെനഡിക്റ്റ് ആന്റണി പരാമർശം (7) പ്രകാരം മറുപടി സമർപ്പിക്കുകയും തുടർന്ന് പരാമർശം (8) പ്രകാരം ടിയാനെ നേരിൽ കേൾക്കുകയുമുണ്ടായി. ടിയാൻ ചുവടെപ്പറയും പ്രകാരം പ്രതിവാദ പത്രിക ലഭ്യമാക്കുകയും ആയത് അനുസരിച്ച് മൊഴി നൽകുകയും ചെയ്തിരുന്നു.

*ശ്രീ. ബെനഡിക്റ്റ് ആന്റണി റ്റി.എസ്. 10.08.2015-ൽ സെക്രട്ടറിയായാണ് തളിക്കുളം ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചതെന്നും, തളിക്കുളം ഗ്രാമപഞ്ചായത്തിലെ വികാസ് ട്രസ്റ്റ് അപ്പാരൽ പാർക്ക് എന്ന കെട്ടിടത്തിന് പത്താം വാർഡിലെ നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 194 A, B, C, D എന്നീ റഗുലർ നമ്പറുകൾ 2013 വർഷം മുതൽ നിലവിലുള്ളതും Annual Rental Value അടിസ്ഥാനപ്പെടുത്തി മൊത്തം കെട്ടിടത്തിന് നികുതി നിർണ്ണയിച്ച് ആയത് ഈടാക്കി വരുന്നതുമായിരുന്നുവെന്നും, 2013 -ൽ 4 നമ്പറുകൾ നല്കി നികുതി നിശ്ചയിച്ചിരുന്ന കെട്ടിടങ്ങൾക്ക് നാലു വൈദ്യുത കണക്ഷനുകളും അന്നു മുതലേ നിലവിലുള്ളതായിരുന്നുവെന്നും, ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി പുനർനിർണ്ണയിക്കണമെന്നാവശ്യപ്പെട്ട് വികാസ് ട്രസ്റ്റ് ഡയറക്ടറുടെ അപേക്ഷ പരിഗണിച്ച സമയത്താണ് അസസ്സ്മെന്റ് രജിസ്റ്ററിൽ നാലു നമ്പറുകൾ നിലവിലുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ് വെയറിൽ ആയത് ഉൾപ്പെട്ടിട്ടില്ല എന്നു കണ്ടെത്തിയതെന്നും, സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടാൽ മാത്രമേ നടപ്പുവർഷത്തെ നികുതി പിരിവ് 100% കൈവരിക്കാൻ സാധ്യമാവൂ എന്നതിനാൽ പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ സഞ്ചയ സോഫ്റ്റ് വെയറിൽ*

*ഉൾപ്പെടുത്താവുന്നതാണെന്ന്, **2013** മുതൽ സാധാരണ നിരക്കിലുള്ള നികുതി ഈടാക്കി വന്നിരുന്ന കെട്ടിടമാണെന്ന് അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് ഉറപ്പു വരുത്തി ജൂനിയർ സൂപ്രണ്ട് രേഖപ്പെടുത്തിയ നോട്ടിലെ നിർദ്ദേശം അംഗീകരിക്കുകയായിരുന്നുവെന്ന് ശ്രീ. ബെനഡിക്ട് ആന്റണിയും ബോധിപ്പിക്കുകയും എന്നാൽ അതിൻ പ്രകാരം പുതുതായി നമ്പർ നല്കുകയോ, നികുതി പുനർനിർണ്ണയം നടത്തുകയോ ചെയ്തിട്ടില്ലെന്നും, **4** നമ്പരുകളിലായി കെട്ടിട നികുതി നിശ്ചയിച്ചതിനാൽ മുൻകാലങ്ങളിൽ ഈടാക്കിയിരുന്ന **32,400/-** രൂപയിൽ നിന്ന് ഒന്നരലക്ഷം രൂപയോടടുപ്പിച്ചുള്ള തുക നികുതിയിനത്തിൽ നിശ്ചയിച്ചിരുന്നു എന്നും അതിനാൽ പഞ്ചായത്ത് വരുമാനം കൂടുകയാണുണ്ടായതെന്നും സാമ്പത്തിക നഷ്ടമൊന്നും ഉണ്ടായിട്ടില്ല എന്നും പ്രസ്തുത കെട്ടിടത്തിന് അനധികൃത നിർമ്മാണത്തിന് ചുമത്തുന്ന മൂന്ന് മടങ്ങ് നികുതി ഈടാക്കണമെന്ന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പിന്നീട് പുറപ്പെടുവിച്ച നിർദ്ദേശത്തിന്മേൽ വികാസ് ട്രസ്റ്റ് ഡയറക്ടർ സമർപ്പിച്ച അപ്പീൽ പഞ്ചായത്ത് ഭരണസമിതി പരിഗണിക്കുകയും, സർക്കാരിന്റെ തീർപ്പ് വരുന്നത് വരെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിക്കുന്നത് നീട്ടിവയ്ക്കണമെന്ന് **03.02.2018**-ൽ **1(32)** നമ്പരായി ഭരണസമിതി തീരുമാനമെടുത്തിരുന്നുവെന്നും, സർക്കാർ തീരുമാനം വരുന്നതുവരെ **3** ഇരട്ടി നികുതി ഈടാക്കുന്നത് താല്ക്കാലികമായി നീട്ടിവയ്ക്കണമെന്ന ഭരണസമിതിയുടെ തീരുമാനം നിയമവിരുദ്ധമല്ല എന്നും സർക്കാരിനോ പഞ്ചായത്തിനോ സാമ്പത്തിക നഷ്ടമുണ്ടാക്കുന്ന ഒരു പ്രവൃത്തിയും തന്റെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ലെന്നുമുള്ള വസ്തുതകൾ കണക്കിലെടുത്ത് അച്ചടക്ക നടപടിയിൽ നിന്നൊഴിവാക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തിരുന്നു.*

7) കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ബെനഡിക്ട് ആന്റണി സമർപ്പിച്ച എതിർവാദ പത്രികയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (9) പ്രകാരം ചുവടെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

*കേരള തീരദേശ നിർമ്മാണ നിയന്ത്രണ മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശമായതിനാൽ, **KCZMA**-യുടെ അനുമതി കൂടാതെയുള്ള നിർമ്മാണം അനധികൃതമായി കണക്കാക്കി **U/A** നമ്പർ നൽകി **3** ഇരട്ടി നികുതി ഈടാക്കേണ്ടതായിരുന്നുവെങ്കിലും **2013** ൽ അപ്രകാരം നികുതി ഈടാക്കാതിരുന്നതും സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്താതിരുന്നതും **3** ഇരട്ടി നികുതി ഈടാക്കാതിരുന്നതും അക്കാലയളവിൽ വന്നിട്ടുള്ള വീഴ്ചയാണ്. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശ പ്രകാരം **3** ഇരട്ടി നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുകയും ട്രസ്റ്റ് അധികൃതർ സർക്കാരിലേക്കും, പഞ്ചായത്തിലേക്കും നികുതി വർദ്ധനവിനെതിരെ അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, ഇത്തരം അപ്പീൽ അപേക്ഷകൾ പഞ്ചായത്ത് പരിശോധിച്ച് വരാറുണ്ടെങ്കിലും, അനധികൃത കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നതും വസ്തു*

*നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ നിയമങ്ങളും, സർക്കാർ ഉത്തരവുകളും പ്രത്യേകമായി ഉണ്ടെന്നിരിക്കെ, **KSR PART III** ചട്ടം 59(ബി) പ്രകാരം പുറപ്പെടുവിച്ച കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ സമർപ്പിച്ച മറുപടി തൃപ്തികരമല്ല* എന്ന് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

**8)** പരാമർശ വിഷയത്തിന്മേലുള്ള പ്രാഥമികാന്വേഷണ റിപ്പോർട്ടിന്റേയും ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റേയും ആരോപണ വിധേയരെ നേരിൽ കേട്ടതിന്റേയും അടിസ്ഥാനത്തിൽ കണ്ടെത്തിയ വസ്തുതകൾ ചുവടെ ചേർക്കുന്നു.

അപ്പാരൽ പാർക്ക് എന്ന പേരിൽ കെട്ടിട നിർമ്മാണാനുമതിയ്ക്കായി **23.06.2010**-ൽ സമർപ്പിച്ച അപേക്ഷ പ്രകാരം നിർമ്മാണ സ്ഥലം **CRZ** മേഖലയിൽപ്പെടുന്നതിനാൽ **KCZMA**-യുടെ അനുമതി ലഭിക്കാത്തതിനാൽ പഞ്ചായത്ത് അനുമതി കൂടാതെ തന്നെ ഉടമകൾ കെട്ടിട നിർമ്മാണം ആരംഭിച്ചത് തുടക്കത്തിൽതന്നെ തടയുന്നതിന് പഞ്ചയാത്ത് അധികൃതർ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ, സഞ്ചയ സോഫ്റ്റ് വെയർ മുഖേന വസ്തുനികുതി പുനർനിർണ്ണയം ആരംഭിച്ച **2013** കാലയളവിൽ പ്രസ്തുത കെട്ടിടം സംബന്ധിച്ച ഡാറ്റാ എൻട്രി നടത്താതിരുന്നതും **UA** നമ്പർ നൽകിയിരുന്ന കെട്ടിടത്തിന് **3** ഇരട്ടി നികുതി ഈടാക്കിയിരുന്നില്ല എന്നതും അക്കാലയളവിലുണ്ടായിരുന്നവരുടെ ഭാഗത്തെ വീഴ്ചയാണ്. പൊളിച്ചു മാറ്റാൻ ഉത്തരവായിട്ടുള്ളതും, അസ്സസ്സ്മെന്റ് രജിസ്റ്ററിൽ **X/194 A,B,C,D** (പഴയ നമ്പർ **172 B,C,D,E**) എന്നിങ്ങനെ **UA** നമ്പർ രേഖപ്പെടുത്തിയിരുന്നതുമായ കെട്ടിടം **2016**-ലെ വസ്തു നികുതി പുനർ നിർണ്ണയ വേളയിൽ സഞ്ചയ സോഫ്റ്റ് വെയറിൽ **4** കെട്ടിട നമ്പരുകളായി മാറ്റിയത് എപ്രകാരമായിരുന്നു എന്നത് സംബന്ധിച്ച് സെക്രട്ടറിയായിരുന്ന ശ്രീ. ബെനഡിക്റ്റ് ആന്റണി പരിശോധിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്റ്റ് **235 W** വകുപ്പ് പ്രകാരമുള്ള നടപടികൾക്ക് വിധേയമായിട്ടുള്ള കെട്ടിടങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള ആക്റ്റ് **235 AA (5)** ന്റെ ലംഘനമുണ്ടായിട്ടുണ്ട്.

**9)** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച വസ്തുതകളിൽ നിന്നും, തൃശ്ശൂർ ജില്ലയിലെ തളിക്കുളം പഞ്ചായത്തിൽ, **CRZ** മേഖലയിൽ ഉൾപ്പെട്ട സ്ഥലത്ത് **KCZMA**-യുടെ അനുമതിയില്ലാതെ പൂർത്തീകരിച്ച വികാസ് ട്രസ്റ്റ് അപ്പാരൽ പാർക്ക് എന്ന കെട്ടിടം അനധികൃത നിർമ്മാണമായി കണക്കാക്കി **UA** നമ്പർ നൽകിയിരുന്നതും പൊളിച്ചു നീക്കുന്നതിന് ഉത്തരവായിട്ടുള്ളതുമാണെന്നിരിക്കെ കെട്ടിടത്തിന്റെ പല ഭാഗങ്ങളും ഉപയോഗ ക്രമം രേഖപ്പെടുത്തി **4** കെട്ടിട നമ്പരുകൾ അനുവദിച്ച് നൽകുക വഴി കേരള പഞ്ചായത്ത് രാജ് ആക്റ്റ് **235 AA** ലംഘനം നടത്തുകയും, **UA** നമ്പർ കെട്ടിടങ്ങൾക്ക് നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന **3** ഇരട്ടി നികുതി ഈടാക്കാത്തതുമൂലവും പുനർനിർണ്ണയിച്ച നികുതിയിൽ ഇളവനുവദിച്ച് നൽകിയതുമൂലവും പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കുറവ് വന്നിട്ടുള്ളതുമാണെന്നും കണ്ടെത്തിയിട്ടുള്ളതും ആയതിന് **2015-17** കാലയളവുകളിൽ തളിക്കുളം പഞ്ചായത്തിൽ

സേവനത്തിലുണ്ടായിരുന്ന സെക്രട്ടറി ശ്രീ. ബെനഡിക്ട് ആന്റണി ഉത്തരവാദിയാണെന്നും, പ്രസ്തുത ആരോപണത്തിന്മേലുള്ള ടിയാന്റെ വിശദീകരണം തൃപ്തികരമല്ലെന്നും നിരീക്ഷിച്ച്, തളിക്കുളം ഗ്രാമ പഞ്ചായത്തിലെ മുൻ സെക്രട്ടറി വിരമിച്ച ശ്രീ. ബെനഡിക്ട് ആന്റണി ടി.എസ്.നെതിരെ **KSR Part III** ചട്ടം **59**(ബി) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും **500/-** രൂപ ആജീവനാന്തം കുറവു വരുത്തുവാനുള്ള കാരണം കാണിക്കൽ നോട്ടീസിലെ താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. ബെനഡിക്ട് ആന്റണി റ്റി. എസ്., മുൻ സെക്രട്ടറി, തളിക്കുളം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).*
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
5. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, തൃശ്ശൂർ.
6. വിജിലൻസ് (ഡി) വകുപ്പ് (*20/01/2026 തീയതിയിലെVIG-D3/503/2025-VIG നമ്പർ കുറിപ്പ് പ്രകാരം*).
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി3/172/2018/തസ്വഭവ.)

ഉത്തരവിൻ പ്രകാരം
**Signed by Riju M Das**
**Date: 16-02-2026 13:48:53**
സെക്ഷൻ ഓഫീസർ